**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 657

02.11.2016- ൽ മറുപടിക്ക്

# കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**
**,, കെ. കൃഷ്ണൻകുട്ടി**
**,, സി.കെ.നാണു**
**,, കെ.ബി.ഗണേഷ് കുമാർ**

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം ഏത് രീതിയിലാണ് ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കൺസ്യൂമർഫെഡറേഷനിലെ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മസ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചും ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കിയും, അഴിമതി ഇല്ലാതാക്കി, ഇ-ടെൻഡർ വഴി സാധനങ്ങൾ വാങ്ങുകയും, പർച്ചേസ് പോളിസിക്കു രൂപം നൽകിയും, രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങിയും, നിലവിൽ സ്റ്റോറുകളിൽ കൂടുതലായി കെട്ടികിടക്കുന്ന സാധനങ്ങൾ വിൽപന നടത്തിയും, ഉപയോഗശൂന്യമായ സഞ്ചരിക്കുന്ന ത്രിവേണി വാഹനങ്ങൾ വിൽപന നടത്തിയും, കൺസ്യൂമർഫെഡിൽ ഘടനാപരമായി ചിട്ട വരുത്തിയും, പലിശ ചെലവ് കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കൺസ്യൂമർഫെഡറേഷന്റെ പ്രവർത്തനം ശക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സാധാരണക്കാർക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കാൻ എന്തൊക്കെ ബദൽ നിർദ്ദേശങ്ങളാണ് കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 1500 മുതൽ 2000 വരെ നീതി വിപണന കേന്ദ്രങ്ങളോ, സൂപ്പർമാർക്കറ്റുകളോ, പൊതുവിതരണ കേന്ദ്രങ്ങളോ ആരംഭിയ്ക്കാനാണ് ലക്ഷ്യമിടുന്നത്. ഇവയിൽ നിന്നും ആവശ്യമായ സാധനങ്ങളുടെ ഇൻഡന്റ് കൺസ്യൂമർഫെഡിന്റെ റീജിയണൽ ഓഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിച്ച് പർച്ചേസ് ഓർഡർ നൽകിയും, ഇ-ടെൻഡർ സംവിധാനം ഏർപ്പെടുത്തിയും, പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റികൾക്ക് രൂപം നൽകിയും, വിവിധ സാധനങ്ങൾ വാങ്ങുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് സന്നദ്ധരായ പ്രാഥമിക സംഘങ്ങളെ ഉൾപ്പെടുത്തി പർച്ചേസ് കൺസോർഷ്യത്തിന് രൂപം നൽകിയും സാധാരണക്കാർക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഉല്പാദകരിൽ നിന്നും ഉല്പന്നങ്ങൾ ലഭ്യമാക്കുവാനുള്ള സാധ്യതയും ഇ-ടെൻഡർ, ഇ-ഓക്ഷൻ ഇവ കാര്യക്ഷമമാക്കിയും ഉല്പന്നങ്ങളുടെ വിലയും, ഗുണനിലവാരവും മത്സരക്ഷമമാക്കി കൺസ്യൂമർഫെഡിനെ ഈ രംഗത്തെ മാതൃകാസ്ഥാപനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നു.<br>ഇതു കൂടാതെ മരുന്നു വ്യാപാര രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും, നീതിമെഡിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | നീതി ഗ്യാസ്, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം ഏതു രീതിയിലാണ് മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | കൺസ്യൂമർഫെഡ് നീതിഗ്യാസിന്റെ വിതരണ ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുന്നതിനു പകരം, ഗ്യാസ് ഫില്ലു ചെയ്തു നൽകുന്ന ഏജൻസിയായി പ്രവർത്തിച്ച് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്.<br>പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഇതിലേക്കാവശ്യമായ മരുന്നുകൾ കൺസ്യൂമർഫെഡറേഷൻ വഴി വാങ്ങി മരുന്നു വിൽപ്പന മുന്നോട്ടു കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. |

Regini

സെക്ഷൻ ഓഫീസർ